പത്രങ്ങൾ മുതലായവയിൽകൂടി പണം സമാഹരിക്കാനും വായ്പ നിക്ഷേപ മായി പണം സ്വീകരിക്കാനും കോർപ്പറേഷന് ഉദ്ദേശമുണ്ട്.

(ഡി) വാഹന ഉടമകൾ വാഹനടാക്സും ടോളും റോഡ് ടാക്സും, പാർക്കിംഗ് ഫീസും നൽകേണ്ടതുണ്ട്.

പ്രൈമറി സ്കൂളുകളിൽ ബി.എഡ്. കാരുടെ നിയമനം

9 (*188)ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിൽ ബി.എഡ്.കാരെ നിയമിക്കുന്നത് സംബന്ധിച്ച ഗവണ്മെന്റ് നയം വ്യക്തമാക്കാത്തതുന്നതുമൂലം പി.എസ്.സി. മുഖേനയുള്ള അദ്ധ്യാപക നിയമനം സ്തംഭനത്തിലായിട്ടുള്ള വിവരം ഗവ ണ്മെന്റിനറിവുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ വ്യക്തമായ തീരുമാനം അറിയി ക്കണമെന്ന് പി.എസ്.സി. ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) നിയമനത്തിലെ തടസ്സം ഒഴിവാക്കാൻ നിയമഭേദഗതി ആവശ്യ മുണ്ടെന്ന് ഗവണ്മെന്റ് കരുതുന്നുണ്ടോ;

(ഇ) പി.എസ്.സി. മുഖേനയുള്ള നിയമനം തടസ്സപ്പെട്ടിട്ടുള്ളതുമൂലം പല സ്കൂളുകളിലും സ്ഥിരം അദ്ധ്യാപകരുടെ കുറവുള്ള കാര്യം ഗവണ്മെന്റിന റിവുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഗവണ്മെന്റ് നയം വ്യക്തമാക്കിയിട്ടുണ്ട്. ഇപ്പോൾ സ്തംഭനാവ സ്ഥയില്ല.

(ബി)&(സി) ഗവണ്മെന്റ് തീരുമാനം പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. ഒ.പി. 19187/98 എന്ന കേസ്സിൽ പത്തനംതിട്ട ജില്ലയിൽ ഗസറ്റിൽ പ്രസിദ്ധീക രിച്ച യോഗ്യതയേക്കാൾ കൂടുതൽ യോഗ്യതയുള്ള അദ്ധ്യാപകരെ പ്രൈമറി ടീച്ചർ നിയമനത്തിന് പബ്ലിക് സർവീസ് കമ്മീഷൻ പരിഗണിക്കുകയും നിയ മനത്തിന് ശുപാർശ ചെയ്യുകയും നിയമനം നടത്തുകയും ചെയ്ത നടപടി അസാധുവാക്കി വിധിച്ചിട്ടുണ്ട്. പ്രസ്തുത കോടതിവിധിയ്ക്കെതിരെ സംസ്ഥാന ഗവണ്മെന്റ് ഫയൽ ചെയ്ത റിട്ട് അപ്പീൽ 744/99-ൽ ടി വിധി ന്യായം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ തടസ്സം നീക്കിയിട്ടുണ്ട്. തസ്തികകൾ നികത്തി വരിക യാണ്.

LIBRARY ARCHIVES Kerala Legislative Assembly